(ജി) 15-6-2003 വരെ 55,73,53,875 രൂപ.

(എച്ച്) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കുണ്ടോട്ടി ബ്രാഞ്ചിൽ.

(ഐ) ഉണ്ട്.

(ജെ) 49,06,41,327 രൂപ. ഹെഡ്കോ വായ്പ തുകയ്ക്ക് പലിശ അടച്ചത് - 47,96,35,156, രൂപ. സംസ്ഥാന സർക്കാരിന് ഗ്യാരണ്ടി കമ്മീഷൻ നൽകിയത് - 1,10,06,171 രൂപ

(കെ) യൂസേഴ്സ് ഫീ എത്രയും വേഗം നിർത്തലാക്കുവാൻ മിയാഡ്സ് നടപടികളെടുത്തു വരുന്നുണ്ട്.

(എൽ) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ.

(എം) നടപടികൾ മിയാഡ്സ് സ്വീകരിച്ചു വരുന്നു.

(എൻ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളാണ് ഈ കാര്യത്തിൽ പ്രതിബന്ധം സൃഷ്ടിക്കുന്നത്. കേസുകൾ ഒത്തു തീർപ്പാക്കി യൂസേഴ്സ് ഫീ പിൻവലിപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിനാണെന്നും ഇതുസംബന്ധിച്ച പ്രഖ്യാപനം അനുരഞ്ജന പത്രികകൾ കോടതിയിൽ സമർപ്പിച്ച ഉടനെ ഉണ്ടാകുന്നതാണെന്നും മിയാഡ്സ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കേരളത്തിന് അർഹമായ നദീജലം തമിഴ്നാട് വിട്ടുതരാത്തത് സംബന്ധിച്ച പരാതി

89 (1558) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജല കരാറനുസരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അർഹമായ നദീജലം തമിഴ്നാട് വിട്ടുതരാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അർഹമായ നദീജലം കേരളത്തിന് വിട്ടുതരണമെന്ന് സംസ്ഥാന ഗവൺമെന്റ് തമിഴ്നാട് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; തമിഴ്നാട് ഇക്കാര്യത്തിൽ നൽകിയ മറുപടി എന്തായിരുന്നു ;

(സി) അർഹമായ നദീജലം ലഭിക്കാത്തത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോടും അന്തർ നദീജല ട്രിബ്യൂണലിനോടും പരാതി ഉന്നയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) അന്തർ സംസ്ഥാന നദീജല കരാറനുസരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് വാർഷികമായി ലഭിക്കേണ്ട 7.25 ടി.എം.സി. ജലം മണക്കടവിൽ ലഭിക്കുന്നുണ്ട്. എന്നാൽ 2003 മേയ് 15-ന് കേരളം ആവശ്യപ്പെട്ട ജലം ആളിയാറിൽ നിന്നും റിലീസ് ചെയ്യുകയും പ്രസ്തുത ജലം മണക്കടവിലെത്തുന്നതിന് മുമ്പ് തമിഴ്നാട്ടിലെ കൃഷിക്കാർ തിരിച്ചുവിടുകയും ചെയ്തു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹമായ നദീജലം കാലാകാലങ്ങളിൽ ലഭ്യമല്ലാതാകുമ്പോൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ മീറ്റിംഗുകളിൽ ഇക്കാര്യം ചർച്ച ചെയ്യാറുള്ളതും തുടർന്ന് തമിഴ്നാട് വിട്ടുതരുന്ന ജലത്തിന്റെ കുറവ് നികത്താറുള്ളതുമാകുന്നു.

(സി) പറമ്പിക്കുളം-ആളിയാർ നദീജല കരാർ ഉഭയകക്ഷി കരാറായതു കൊണ്ട് കേന്ദ്ര സർക്കാരിനോടോ അന്തർ നദീജല ട്രിബ്യൂണലിനോടോ പരാതി ഉന്നയിക്കേണ്ട ആവശ്യമില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നീക്കിവച്ചിട്ടുള്ള തുക

90 (1559) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വാർഷിക പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തുതുക നീക്കിവച്ചിട്ടുണ്ട് ;

(ബി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ, സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണോ എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ ഏതു വിധത്തിൽ ശക്തിപ്പെടുത്താനാണുദ്ദേശിക്കുന്നതെന്നു പറയുമോ ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി 244.95 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് വിവിധ പരിപാടികൾക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇത് സംസ്ഥാന പദ്ധതിയുടെ ഭാഗമാണ്.

(സി) സർക്കാർ നവീകരണ പരിപാടിയനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ ചുവടെ ചേർക്കുന്നു.

1. ആസ്തി പുനരുദ്ധാരണം
2. സോഷ്യൽ ആഡിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കുക
3. പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക
4. സേവന ലഭ്യത മെച്ചപ്പെടുത്തുക
5. ആക്ഷൻ പ്ലാൻ നടപ്പാക്കുക

LIBRARY ARCHIVES Kerala Legislative Assembly